# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.24274/22/എസ്റ്റ.എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 29 /03/2023

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡ് - സബ് ഗ്രൂപ്പ് ആഫീസർമാർ ദേവസ്വത്തിൽ ഹാജരാക്കുന്നുണ്ടോയെന്ന് കൃത്യമായ പരിശോധന നടത്തുന്നത് - സംബന്ധിച്ച്

സൂചന:- 22/11/2022,20/03/2023 എന്നീ തീയതികളിലെ 10674/22/വിജി നമ്പർ ബോർഡ് ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിൽ വരുന്ന പല സബ്ഗ്രൂപ്പുകളിലും സ്ഥിരം സബ്ഗ്രൂപ്പാഫീസർമാരെ നിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ പല സബ്ഗ്രൂപ്പാഫീസർമാർക്കും രണ്ടും മൂന്നും സബ്ഗ്രൂപ്പുകളുടെ അഡീഷണൽ ചാർജ്ജ് വഹിക്കേണ്ടിവരുന്നു. ടി അഡീഷണൽ ചാർജ്ജിന്റെ മറപിടിച്ച് ഒരു സബ്ഗ്രൂപ്പിലും സബ്ഗ്രൂപ്പാഫീസർമാർ ഹാജരാകാറില്ലായെന്നും ഫുൾ ചാർജ്ജ് വഹിക്കുന്ന സബ്ഗ്രൂപ്പിലെ ഹാജർ പുസ്തകത്തിൽ പല സബ്ഗ്രൂപ്പാഫീസർമാരും ഒരു നേരത്തെ ഹാജർ മാത്രമാണ് രേഖപ്പെടുത്തി വരുന്നതെന്നും കീഴൂട് ദേവസ്വങ്ങളിൽ സബ്ഗ്രൂപ്പാഫീസർമാർ എത്താറില്ലെന്ന് ഹാജർ പുസ്തകങ്ങൾ പരിശോധിച്ചാൽ മനസിലാക്കുന്നതായും ഫൈനാൻസ് & ഇൻസ്പെക്ഷൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് സൂചന ബോർഡ് ഉത്തരവിനോടൊപ്പം ലഭിച്ചു.

സബ്ഗ്രൂപ്പാഫീസർമാരുടെ ഭാഗത്തു നിന്നും ഇത്തരത്തിലുള്ള പ്രവർത്തി, വളരെ ഗൗരവത്തോടെ വീക്ഷിക്കുന്നു. ആകയാൽ ചുവടെ വിവരിക്കുന്ന നിർദ്ദേശം ബന്ധപ്പെട്ട ഓരോ ഉദ്യോഗസ്ഥരും കൃത്യമായി പാലിക്കേണ്ടതാണ്.

i) സബ്ഗ്രൂപ്പാഫീസർമാർ കൃത്യമായി ദേവസ്വത്തിൽ ഹാജരാകുണ്ടോയെന്നും, കീഴൂട് ദേവസ്വങ്ങളിൽ സബ്ഗ്രൂപ്പാഫീസർ എത്തുന്നുണ്ടോയെന്നും, ഹാജർ പുസ്തകത്തിൽ കൃത്യമായി ഹാജർ രേഖപ്പെടുത്തുന്നുയെന്നും ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ ഉറപ്പ് വരുത്തേണ്ടതും, ആയത് പരിശോധിച്ച് പീരിയോഡിക്കൽ റിപ്പോർട്ട് ദേവസ്വം കമ്മീഷണറാഫീസിൽ ഹാജരാക്കുന്നതിന് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ii) ഏതെങ്കിലും കാരണവശാൽ യഥാസമയം ദേവസ്വങ്ങളിൽ ഹാജരാകാൻ കഴിയാത്ത സബ്ഗ്രൂപ്പാഫീസർമാർ ഓരോ ദേവസ്വത്തിലേയും വിവരങ്ങൾ എല്ലാ ദിവസവും ഫോൺ മുഖേന ശേഖരിക്കേണ്ടതാണ്.

iii) ഫോൺ മുഖേന ലഭിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കുകയും കാലകാലങ്ങളിൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്ക് നൽകി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ഇക്കാര്യങ്ങൾ യഥാവിധി പാലിക്കപ്പെടുന്നില്ലായെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതായിരിക്കും.

ഒപ്പ്
ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1) എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2) ഐ.റ്റി സെക്ഷൻ
3) സെക്ഷൻ ഫയൽ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

Jyo.30/03